## 4. ഉഥ്മാനീ സാമ്രാജ്യത്തിലെ പ്രമാണങ്ങൾ

ഉഥ്മാനീ സാമ്രാജ്യം തുടങ്ങിയ 8/14-ാം നൂറ്റാണ്ടു മുതലേ അവിടെയുള്ള ഔദ്യോഗിക പ്രമാണങ്ങളെപ്പറ്റി തെളിവു ലഭ്യമാണ്. മധ്യേഷ്യൻ പ്രമാണ മാതൃകകൾ സ്വീകരിച്ചിരുന്ന ഏഷ്യൻ തുർകികളിൽനിന്നാണ് ഉഥ്മാനീ സാമ്രാജ്യത്തിന് അവയുടെ രൂപരേഖ കിട്ടിയത്. സ്വാഭാവികമായും അവ ഉയ്ഗുർ, ചൈനീസ് പാരമ്പര്യങ്ങളുടെ സങ്കരമാണ്. താതാർ പ്രമാണങ്ങൾ കൂടുതലും മധ്യേഷ്യൻ മാതൃകയിലുള്ളതാണ്. 16-17 നൂറ്റാണ്ടുകളിലെ രേഖകൾ ഇത് തെളിയിക്കുന്നു. യൂറാക് എന്നും വൈഥിക എന്നുമൊക്കെ പൊതുവേ അറിയപ്പെട്ട പ്രമാണങ്ങൾ ചാൻസലറുടെ കാര്യാലയമാണ് നല്കിയിരുന്നത്. സെക്രട്ടറി, എഴുത്തുകാരൻ, ഉദ്യോഗസ്ഥൻ എന്നിവർ അതിൽ ഒപ്പുവെച്ചിരിക്കും.

രണ്ടുതരം പ്രമാണങ്ങളാണ് ഉണ്ടായിരുന്നത്. വിളംബരം, സന്ദേശം, അറിയിപ്പ്, സുൽത്വാന്റെ പ്രഖ്യാപനം തുടങ്ങിയവയാണ് ഒന്ന്. നാമെ, മക്തൂബ്, കിതാബ്, യസ്സി എന്നെല്ലാമായിരുന്നു അവയ്ക്ക് പേര്. ഖത്ത്വേ ഹുമായൂൻ എന്നറിയപ്പെട്ട രാജകീയ വിളംബരം തന്നെ കൂട്ടത്തിൽ പരമപ്രധാനം. ഉത്തരവുകൾ, നിയമങ്ങൾ, കല്പനകൾ തുടങ്ങിയവ (ഫർമാൻ, അംറ്, ഹുക്മ്, ബുയുറുൽദു...) എന്നിവയടങ്ങുന്നതാണ് രണ്ടാമത്തെ ഇനം. പ്രത്യേക എഴുത്തുകളും നിയമാവലികളും ഉൾപ്പെട്ട നിശാൻ എന്ന മൂന്നാമതൊരു ഇനം പ്രമാണങ്ങളുമുണ്ടായിരുന്നു.

ബൈസാന്തിയൻ മാതൃക അനുകരിച്ചതുകൊണ്ടാവണം, തുർകി പ്രമാണത്തിന്റെ രൂപം യൂറോപ്യൻ പ്രമാണത്തോട് സദൃശമാണ്. ആദ്യഭാഗത്ത് പ്രാരംഭ ഉപചാരം, മധ്യഭാഗത്ത് പ്രമാണ പാഠം. തുർകി പ്രമാണത്തിലെ (എർക്യാൻ) ഘടകങ്ങൾ ഇവയാണ്:

1. ദഅ്‌വത്, ഉപചാരവാക്യങ്ങൾ, പ്രാർഥന. ഗവർണറുടെ (ബേയുടെ) പേര് ഈ ഭാഗത്ത് ഉൾക്കൊള്ളിച്ചിരിക്കും. 2. തുഗ്റഃ, സുൽത്വാന്റെ അധികാര മുദ്ര. 3. ഉൻവാൻ, പ്രമാണ ദാതാവിന്റെ സ്ഥാനപ്പേര്. 4. ഇൻസ്ക്രിപ്റ്റിയോ, സ്വീകർത്താവിന്റെ സ്ഥാനപ്പേര്. 5. ദുആ, ആശംസകളും അഭിവാദനങ്ങളും. 6. നഖ്‌ലി ഇബ്‌ലാഗ് അഥവാ തസ്‌രീഹ്, പ്രമാണത്തിന്റെ മുഖ്യഭാഗം. 7. ഡിസ്പോസിറ്റിയോ, തീർപ്പ്. 8. കൊറോബറാറ്റിയോ, സാധൂകരണ വാക്യം. 9. തഅ്‌രീഖ്, തിയ്യതിയും മാസവും വർഷവും. 10. സ്ഥലം. 11. സീൽ, മുഹ്ർ, ഖാതം.

പൊതുവേ തുർകി ഭാഷയിലായിരുന്നു പ്രമാണങ്ങൾ. ഗ്രീക്ക്, പുരാതന സ്ലാവോണിക് തുടങ്ങിയവയിലും ചിലത് ഉണ്ടായിരുന്നു.

ഇവയുടെ പകർപ്പുകൾ തുന്നിക്കെട്ടി ഫയലുകൾ (മുൻശആത്) ആക്കി സൂക്ഷിച്ചു വന്നു. പകർപ്പുകളിൽ കുറിപ്പോ സീലോ ഒന്നുമുണ്ടാകില്ല.